പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 496

02.07.2013 ൽ മറുപടിയ്ക്ക്

## ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>( ബഹു. സഹകരണവും ഖാദി ഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നതിന് കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ഖാദി മേഖലയിൽ മിനിമം കൂലി ഏർപ്പെടുത്തുന്നതിന്റെ വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 19/06/2007-ലെ നം.G.O.(Ms)No.77/2007/LBR പ്രകാരം ഒരു കമ്മിറ്റിയെ നിയമിച്ചു. പ്രസ്തുത കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 08/01/2010-ലെ സർക്കാർ ഉത്തരവ് നം.5/2010/തൊഴിൽ മുഖേന കേരളത്തിലെ ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തുകയും ചെയ്തു. |
| (ബി) ഇവരെ 'ഇൻകം സപ്പോർട്ട്' പദ്ധതിയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) ഉണ്ട്. 2010 ഏപ്രിൽ മുതൽ സംസ്ഥാനത്ത് ഖാദി മേഖലയിൽ മിനിമം വേജസ് നടപ്പിലാക്കി. ഖാദി സ്ഥാപനങ്ങളുടെ സാമ്പത്തിക പരാധീനത കണക്കിലെടുത്ത് സർക്കാർ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം അനുവദിച്ചു [illegible] |

ഉപയോഗപ്പെടുത്തിയാണ് ഖാദി മേഖലയിലെ തൊഴിലാളി കൾക്ക് മിനിമം വേജസ് നടപ്പിലാക്കിയത്.

(സി) മിനിമം വേതനം നൽകുന്നതിന് പ്രസ്തുത സ്കീം പ്രകാരം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(സി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഖാദി തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി അനുവദിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെക്കൊടുക്കുന്നു.

| വർഷം | വകയിരുത്തിയ തുക |
|---|---|
| 2010-11 | 10.00 കോടി രൂപ |
| 2011-12 | 14.68 കോടി രൂപ |
| 2012-13 | 20.00 കോടി രൂപ |

(ഡി) വേതനം സമയബന്ധിതമായി തൊഴിലാളികൾക്ക് നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

(ഡി) 2010-11, 2011-12,2012-13 എന്നീ വർഷങ്ങളിൽ അതാത് കാലയളവിലേയ്ക്കുള്ള ഉല്പാദനത്തെ അടിസ്ഥാനപ്പെടുത്തി ഓരോ തൊഴിലാളിക്കും ഈ സ്കീമിനുള്ള വിഹിതം നിശ്ചയിച്ച് അതാത് ജില്ലാ ഖാദി ഗ്രാമ വ്യവസായ പ്രോജക്ട് ഓഫീസർമാർ ഓരോ സ്ഥാപനങ്ങളുടെയും ക്ലെയിം പരിശോധിച്ച് അർഹത ഉറപ്പു വരുത്തിയശേഷം ഖാദിബോർഡിന്റെ തിരുവനന്തപുരത്തുള്ള കേന്ദ്ര ഓഫീസിലേയ്ക്ക് അയയ്ക്കുന്നു. കേന്ദ്ര ഓഫീസിൽ നിന്നും പ്രോജക്ടുകൾക്കും സ്ഥാപനങ്ങൾക്കുമുള്ള തുക ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർമാർക്ക് അയച്ചു കൊടുക്കുന്നു. പ്രോജക്റ്റ്/ സ്ഥാപനത്തിന്റെ കീഴിലുള്ള യൂണിറ്റിലെ ഓരോ ഖാദി തൊഴിലാളിക്കും അർഹതപ്പെട്ട തുക ഓഫീസ് നടപടിക്രമത്തിന് വിധേയമായി പ്രോജക്ട് ഓഫീസർമാർ

ചെക്ക് മുഖേന വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. 2010-11,2011-12 എന്നീ വർഷങ്ങളിൽ അനുവദിച്ച തുക പൂർണ്ണമായും തൊഴിലാളികൾക്ക് നൽകി. 2012-13 വർഷം അനുവദിച്ച തുകയിൽ ഇതുവരെ 13.63 കോടി രൂപ തൊഴിലാളികൾക്ക് നൽകികഴിഞ്ഞു. ബാക്കി തുക വിതരണം ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ